കെ.എസ്.ഇ.ബി. സ്ഥലത്ത് ജലശുദ്ധീകരണശാല പണിയാൻ പുതിയതായി സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അതിന്റെ ഡീവിയേഷൻ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. ഇൻടേക്ക് കിണർ നിർമ്മിക്കുന്ന സ്ഥലത്തിന്റെ മണ്ണ് പരിശോധനാ പ്രവൃത്തി പൂർത്തികരിച്ചിട്ടുണ്ട്.

(ബി) അട്ടത്തോട് കോളനി പ്രദേശം സീതത്തോട്-നിലയ്ക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കക്കാട് നദിയിൽ കക്കാട് പവർഹൗസിന് സമീപം ഇൻടേക്ക് കിണർ പണിതാണ് പദ്ധതിക്കായി വെള്ളം എടുക്കുന്നത്. കക്കാട് പവർഹൗസിന് സമീപമാണ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നത്.

(സി) ജലശുദ്ധീകരണശാല പണിയുന്നതിന് കെ.എസ്.ഇ.ബി.-യുടെ സ്ഥലം വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടേണ്ടതുണ്ട്. സ്ഥലം കൈമാറികിട്ടുന്നതിനുള്ള നടപടികൾ വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. പദ്ധതി 3/2017-ൽ കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

141 (3575) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിലൂടെ ആകെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്നും പണി ആരംഭിച്ചിട്ടില്ലാത്ത എത്ര കുളങ്ങൾ ഉണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പദ്ധതി പൂർത്തീകരണത്തിന് എന്തെങ്കിലും തടസ്സം ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിലൂടെ നവീകരിച്ചതും പണി ആരംഭിച്ചിട്ടില്ലാത്തതുമായ കുളങ്ങൾ സംബന്ധിച്ച് ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പൊതുവിൽ തടസ്സങ്ങൾ ഒന്നുംതന്നെയില്ല. എന്നിരുന്നാലും അതിർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ച തടസ്സം, പൊതുജനങ്ങളുടെ എതിർപ്പ്, പല പ്രാവശ്യം ടെണ്ടർ നടത്തിയിട്ടും പണി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറാകാത്തത് എന്നിവ നിമിത്തം ചില കുളങ്ങളുടെ പ്രവൃത്തി തുടങ്ങാനായില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly